I ഇ.ബി. XIV - കേരള നിയമസഭ/II-24

**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2016 നവംബർ 7, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അടിയന്തര പ്രമേയം**

നിയമവിരുദ്ധമായ പെയർ ട്രോളിംഗ്

മി. സ്പീക്കർ: നിയമവിരുദ്ധമായ പെയർ ട്രോളിംഗും ചെറുമീനുകളെ പിടിക്കുന്നതുമായി ബന്ധപ്പെട്ട തർക്കവും തീരദേശത്തെ സംഘർഷ കേന്ദ്രമാക്കി മാറ്റുന്നതായും കടൽ വറുതിയെത്തുടർന്നുള്ള മത്സ്യത്തൊഴിലാളികളുടെ കൂട്ട ആത്മഹത്യയ്ക്ക് കേരളം സാക്ഷിയാകുന്നതായും പറയപ്പെടുന്ന ഗുരുതരമായ

സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഹൈബി ഈഡൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): മത്സ്യബന്ധന മേഖലയിലെ രൂക്ഷമായ മത്സരം, വള്ളത്തിന്റെയും വലയുടെയും വലിപ്പവും മീൻപിടിത്തത്തിന്റെ സാങ്കേതികക്ഷമതയും വർദ്ധിപ്പിക്കൽ, ഔട്ട്ബോർഡ് മോട്ടോറുകളുടെ കുതിരശക്തിയിലും എണ്ണത്തിലുമുള്ള വർദ്ധനവ്, വലിയ വള്ളങ്ങളിൽ ഇൻബോർഡ് യന്ത്രങ്ങൾ ഘടിപ്പിക്കൽ എന്നിവ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ മത്സ്യബന്ധന ഉപകരണങ്ങളുടെ എണ്ണം, വലിപ്പം, ക്ഷമത, സംഭരണശേഷി, വലകളുടെ കണ്ണിവലിപ്പം എന്നിവയിൽ നിയന്ത്രണം കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. പെലാജിക് ട്രോൾ വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യസമ്പത്തിനെ നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പെലാജിക് ട്രോളിംഗ് നിരോധിച്ചിട്ടുണ്ട്. ചെറുമീനുകളെ പിടിക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്ന് മത്സ്യത്തൊഴിലാളികളിൽ അവബോധമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതോടൊപ്പം 14 ഇനം ചെറുമീനുകളെ പിടിക്കുന്നത്

നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വളർച്ചയെത്താത്ത മത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റ് ഗാർഡ് എന്നീ വിഭാഗങ്ങൾക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചെറുമീനുകളെ പിടിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെമേൽ പിഴ ഈടാക്കുന്നുണ്ട്. മത്സ്യബന്ധന മേഖലയിലെ സുസ്ഥിര വികസനത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശാനുസരണം കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യബന്ധന യാനങ്ങളിലെ എഞ്ചിൻ ഡ്രൈവർ, സ്രാങ്ക്, ഡക്ക്മാൻ എന്നിവർക്ക് നിർബന്ധിത പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികളെ ബോധവത്കരിക്കുന്നതിനായി ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും ബോട്ട് ഉടമകളുടെയും സംയുക്ത യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. ഹൈബി ഈഡൻ</u>: നിയമ വിരുദ്ധമായി നടത്തുന്ന പെലാജിക് പെയർ ട്രോളിംഗ് തീരദേശ മേഖലയിൽ ആശങ്ക ഉയർത്തിയിരിക്കുകയാണ്. സംസ്ഥാനത്ത് മത്സ്യ വരൾച്ച (fish famine) പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ നടപടി സ്വീകരിച്ചില്ലെങ്കിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ അത് സാരമായി

ബാധിക്കും. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാനത്തിന്റെ വരുമാനത്തിലും മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളുടെ എണ്ണത്തിലും വലിയ കുറവ് സംഭവിച്ചിട്ടുണ്ടെന്നാണ് സി.എം.എഫ്.ആർ.ഐ.-യുടെ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. മത്സ്യത്തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തി സൗജന്യ റേഷൻ അനുവദിക്കുന്നതിനും മത്സ്യ വറുതി പാക്കേജും വായ്പകൾക്ക് മൊറട്ടോറിയവും പ്രഖ്യാപിക്കുന്നതിനും മത്സ്യപരിപാലന കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് നിശ്ചയിച്ച് കർശനമായി നടപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ചെറുമീനുകളെ പിടിക്കുന്ന വൻ ലോബി കടൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കർശനമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. മത്സ്യബന്ധനം നടത്തുന്ന അന്യസംസ്ഥാന ബോട്ടുകളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ കർശനമായി പരിശോധിക്കുകയും ഇടത്തട്ടുകാരുടെ ചൂഷണം നിയന്ത്രിക്കുന്നതിന് നിയമം നടപ്പിലാക്കുകയും വേണം. മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കാലാവസ്ഥാ വ്യതിയാനംമൂലം മത്സ്യസമ്പത്ത് നേരിടുന്ന ഭീഷണി അതിജീവിക്കുന്നതിനായി വിദഗ്ദ്ധ സമിതി രൂപീകരിച്ച് അടിയന്തരമായി ഇടപെടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിപാർശ അനുസരിച്ച് 58 ഇനം ചെറുമീനുകളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനും മത്സ്യബന്ധന ബോട്ടുകളുടെയും യാർഡുകളുടെയും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നിർബന്ധമാക്കുന്നതിന് ആക്ടിൽ ഭേദഗതി വരുത്താനും സർക്കാർ ഉദ്ദേശിക്കുന്നു. ചെറുമീനുകളെ പിടിച്ച് ലോറിയിൽ കടത്തുന്നത് തടയുന്നതിനായി പോലീസ് വകുപ്പിന്റെ സഹായം തേടിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുമെന്നതിനാലും ഒക്ടോബർ-നവംബർ മാസങ്ങളിൽ മത്സ്യബന്ധനത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുള്ളതിനാലും മത്സ്യ വറുതി പാക്കേജ് ഇപ്പോൾ പ്രഖ്യാപിക്കേണ്ടതില്ല. ഈ മേഖലയിലെ പ്രശ്നങ്ങൾ ഗൗരവമായി തന്നെ സർക്കാർ കാണുന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വളരെ ഗൗരവമേറിയ പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ട്രോളറുകളും ആധുനിക ഉപകരണങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം കാരണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലാണ്. തീരദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. മത്തിയുടെ ക്ഷാമംമൂലം മത്സ്യമേഖലയിൽ തൊഴിൽ ദിനങ്ങൾ കുറയുകയും സാമ്പത്തിക നഷ്ടമുണ്ടാകുകയും ചെയ്യുന്നതായി CMFRI പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു. പ്രശ്നപരിഹാരത്തിനായി വിദഗ്ദ്ധ സമിതി രൂപീകരിക്കുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും തീരദേശ മേഖലയിലെ വീടുകൾക്ക് നമ്പർ അനുവദിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടിയുണ്ടാകണം. കടലിലെ മലിനീകരണം, അനിയന്ത്രിതമായ മത്സ്യബന്ധനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ കാരണം മത്സ്യബന്ധന മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ മറികടക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) മദ്യ വർജ്ജന നയം

ശ്രീ. സി. ദിവാകരൻ: സമൂഹത്തെ ഗുരുതരമായി ബാധിക്കുന്ന മദ്യത്തിന്റെയും

മയക്കുമരുന്നിന്റെയും സ്വാധീനത്തിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിന് കർശന നടപടികളെടുക്കുകയും വിപുലമായ ബോധവത്ക്കരണ പ്രസ്ഥാനത്തിന് രൂപം നൽകുകയും വേണം. ചോക്ലേറ്റ്, ച്യൂയിംഗം, സ്പ്രേ തുടങ്ങി പുതിയ രൂപത്തിൽ കമ്പോളത്തിൽ മയക്കുമരുന്ന് വിൽപ്പന നടത്തുന്നത് തടയണം. കർശനമായ നടപടികളിലൂടെയും റെയ്ഡുകളിലൂടെയും വ്യാജമദ്യ വിൽപ്പനയും തടയണം. മദ്യവർജ്ജന കാമ്പെയിൻ നടത്തുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ബിവറേജസ് കോർപ്പറേഷനിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഇതിനായി വിനിയോഗിക്കണം. മദ്യം, മയക്കുമരുന്ന് കേസുകൾ തെളിയിക്കുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനുമായി എക്സൈസ് ക്രൈം റെക്കോർഡ് ബോർഡ് പുന: സംഘടിപ്പിക്കണം. സ്കൂളുകളിലും കോളേജുകളിലും നിരന്തരമായി പരിശോധന നടത്തി മയക്കുമരുന്ന് വ്യാപനം തടയണം. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിദ്യാർത്ഥി-യുവജന-രാഷ്ട്രീയ പ്രസ്ഥാനങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് മദ്യവർജ്ജനം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ലഹരി വർജ്ജനവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. ആവശ്യമായ സന്ദർഭങ്ങളിൽ

പോലീസിന്റെയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ മദ്യവർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നത്. മദ്യം മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും നിയമവിരുദ്ധ ലഹരിവസ്തുക്കളുടെ ദുരുപയോഗം ഇല്ലായ്മ ചെയ്യാനും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ (വിമുക്തി) രൂപീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ തുടങ്ങി വിവിധ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടെയാണ് 'വിമുക്തി'യിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിനായി മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന ഗവേണിംഗ് ബോഡിയും എക്സൈസ് വകുപ്പുമന്ത്രി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള ചെലവ് കെ.എസ്.ബി.സി. വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ അഞ്ച് ശതമാനം പുനരധിവാസ സെസ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്ന് കണ്ടെത്തുന്നതാണ്. ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പേരുവിവരങ്ങൾ

വെളിപ്പെടുത്താതെ പരാതി നൽകുന്നതിനും അധികൃതരെ അറിയിക്കുന്നതിനുമായി ആയിരത്തിലധികം സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ വിവിധ തലങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. എക്സൈസ് ക്രൈം റെക്കോർഡ് ബോർഡിന്റെ പ്രവർത്തനക്ഷമത വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതാണ്. ക്രിക്കറ്റ് ഇതിഹാസമായ സച്ചിൻ ടെണ്ടുൽക്കർ ബ്രാൻഡ് അംബാസിഡറാകുന്ന ലഹരി വർജ്ജന കാമ്പെയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ മാസം 20-ാം തീയതി തിരുവനന്തപുരത്ത് നടത്തുന്നതാണ്. ജനപ്രതിനിധികൾ, പ്രാദേശികതല ഭരണസംവിധാനങ്ങൾ, ജില്ലാ കളക്ടർ മുതൽ പഞ്ചായത്ത് ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥരെ പങ്കാളികളാക്കിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളാണ് 'വിമുക്തി'യിലൂടെ ലക്ഷ്യമിടുന്നത്.

## (2) മെഡിക്കൽ കോളേജുകളിലെ പ്രതിസന്ധി

ശ്രീ. എം. ഉമ്മർ: പുതുതായി പ്രവർത്തനം ആരംഭിച്ച മഞ്ചേരി, ഇടുക്കി, പാലക്കാട് മെഡിക്കൽ കോളേജുകൾ നേരിടുന്ന പ്രതിസന്ധിക്ക് അടിയന്തര പരിഹാരം കാണണം. പ്രവർത്തനക്ഷമമായി നാലുകൊല്ലം കഴിഞ്ഞിട്ടും മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യത്തിന് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ

നിയമിക്കാൻ സാധിച്ചിട്ടില്ല. എഴുപത്തിയഞ്ച് കോടി രൂപ ചെലവഴിച്ച് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചെങ്കിലും ടെണ്ടർ ഉറപ്പിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പട്ടികജാതി വിഭാഗത്തിനുവേണ്ടി ആരംഭിച്ച പാലക്കാട് മെഡിക്കൽ കോളേജിൽ എം.സി.ഐ. മാനദണ്ഡമനുസരിച്ചുള്ള പോസ്റ്റിംഗ് നടത്തണം. മഞ്ചേരി, പാലക്കാട്, ഇടുക്കി എന്നിവയുൾപ്പെടെ പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ എം.സി.ഐ. നോംസ് അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാനായി യോഗം വിളിക്കാനും തയ്യാറാകണം. മഞ്ചേരി മെഡിക്കൽ കോളേജിൽ കാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുതകുന്ന സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തണം. ജൂനിയർ റസിഡന്റ് ഡോക്ടർമാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം നൽകാനും മഞ്ചേരി മെഡിക്കൽ കോളേജ് ആരോഗ്യ വകുപ്പുമന്ത്രി സന്ദർശിക്കാനും തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ എം.സി.ഐ. നോംസ് അനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും ഗവൺമെന്റ് മേഖലയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ള വിദഗ്ദ്ധരായവരെ ലഭിക്കാത്ത സ്ഥിതി

പരിഹരിക്കാനുമുള്ള ശ്രമം നടത്തുന്നുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജുകളിലേയ്ക്കാവശ്യമായ തസ്തിക സൃഷ്ടിച്ച് ഫാക്കൽറ്റിയെ നിശ്ചയിക്കുന്നതിന് സർക്കാർ ശ്രമിച്ചുവരികയാണ്. ഹോസ്റ്റലിന്റെയും റസിഡന്റ് ക്വാർട്ടേഴ്സുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രിൻസിപ്പാളിനെയും വിവിധ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കാവശ്യമായ ഫാക്കൽറ്റിയെയും transfer and posting വഴിയും വർക്കിംഗ് അറേഞ്ച്മെന്റ് വഴിയും നിയമിക്കാനും ലൈബ്രറി, ഫാർമക്കോളജി, ഫോറൻസിക് മെഡിസിൻ തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കാനും നടപടി സ്വീകരിക്കുന്നതാണ്. മഞ്ചേരി മെഡിക്കൽ കോളേജ് സന്ദർശിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുന്നതാണ്. മുൻവർഷങ്ങളിൽ സർക്കാർ നൽകിയ ഉറപ്പ് പാലിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത മെഡിക്കൽ കോളേജിന് 2016-17 വർഷത്തേയ്ക്കുള്ള പ്രവേശനത്തിന് എം.സി.ഐ.-യുടെ അംഗീകാരം ലഭിക്കാത്തതിനാൽ രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥികളെ താൽക്കാലികമായി മറ്റ് കോളേജുകളിലേയ്ക്ക്

വിന്യസിച്ചിരിക്കുകയാണ്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും കെട്ടിട നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതിനും മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് കൂടിയ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. പുതിയ അക്കാദമിക് ബ്ലോക്കിന്റെയും 300 കിടക്കകളുള്ള ആശുപത്രിയാക്കി മാറ്റുന്നതിനുള്ള വാർഡുകളുടെയും ഓപ്പറേഷൻ തിയേറ്ററിന്റെയും നിർമ്മാണം നടന്നുവരികയാണ്. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്. എസ്.സി./എസ്.ടി. വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജിൽ എം.സി.ഐ. ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പും തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പും നടപടി സ്വീകരിക്കുന്നുണ്ട്. ആശുപത്രിയുടെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ ജില്ലാ ആശുപത്രിയിൽ മെഡിക്കൽ കോളേജിലെ ക്ലിനിക്കൽ ഡോക്ടർമാർ ഒ.പി. വിഭാഗത്തിൽ പരിശോധിക്കുന്നുണ്ട്. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിനായി 390 തസ്തികകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. ആരോഗ്യ-ആയുഷ് മേഖലകളിലായി ആയിരത്തിലേറെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇനിയും

ആയിരക്കണക്കിന് തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇവിടെ ഉന്നയിച്ച 3 മെഡിക്കൽ കോളേജുകളുടെ കാര്യം പരിശോധിക്കുന്നതാണ്. ജൂനിയർ റസിഡന്റ്സ് ഡോക്ടർമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് എസ്.സി.-എസ്.ടി. മെഡിക്കൽ കോളേജിന്റെ പുതിയ കെട്ടിടത്തിനായി 350 കോടി രൂപയുടെ എ.എസ്. കൊടുത്തിട്ടുള്ളതും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പരിശോധന നടത്തിയിട്ടുള്ളതുമാണ്. അവിടെ സ്ഥിരം സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ജൂനിയർ റസിഡന്റ്സ് ഡോക്ടർമാരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) കൈത്തറി സഹകരണ സംഘങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ

വെളിയം, മൈലം, കോട്ടാത്തല എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും കൂടുതൽ ആളുകൾക്ക് പരിശീലനം നൽകുന്നതിനും ആധുനിക കാലഘട്ടത്തിന്റെ അഭിരുചിക്കനുസരിച്ച് കൈത്തറി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊട്ടാരക്കര മണ്ഡലത്തിലെ നെടുവത്തൂർ, വെളിയം ഗ്രാമപഞ്ചായത്തുകളിലെ വെളിയം പടിഞ്ഞാറ്റിൻകര, തെക്കുംപുറം എന്നീ സംഘങ്ങളുടെ കടബാധ്യതകൾ റിവൈവൽ റിഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് പാക്കേജ് പദ്ധതി പ്രകാരം സർക്കാർ ഫണ്ടുപയോഗിച്ച് തീർക്കുകയും ഈ സംഘങ്ങൾ ഹാന്റക്സിൽ നിന്ന് ലഭിച്ച കുടിശ്ശികത്തുകയും മറ്റ് സർക്കാർ ആനുകൂല്യങ്ങളും റിബേറ്റ് തുകയും ഉപയോഗിച്ച് പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ആർ.ആർ.ആർ. പാക്കേജിൽ ഉൾപ്പെടാത്ത തട്ടയിൽ, കുടവട്ടൂർ, വെളിയം, കോട്ടാത്തല എന്നീ നാല് സംഘങ്ങൾക്ക് വർദ്ധിച്ച കടബാധ്യതകൾ, പ്രവർത്തന മൂലധനത്തിന്റെ അഭാവം, വിരമിച്ച ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ എന്നിവമൂലം ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

പാക്കേജിലുൾപ്പെടാത്ത ഈ സംഘങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല. തട്ടയിൽ, വെളിയം, കുടവട്ടൂർ, വെളിയം പടിഞ്ഞാറ്റിൻകര എന്നീ സംഘങ്ങൾക്ക് എക്സിബിഷൻ ഗ്രാന്റ്, റിബേറ്റ് എന്നിവ മുഖേനയും വാല്യു ആഡഡ് ട്രെയിനിംഗ്, വർക്ക് ഷെഡ് മെയിന്റനൻസ് തുടങ്ങിയ പദ്ധതികൾ പ്രകാരവും കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഏകദേശം 20 ലക്ഷത്തോളം രൂപ അനുവദിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിലൂടെ കൈത്തറി സംഘങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(2) കെൽട്രോൺ മുടാടി യൂണിറ്റ്

ശ്രീ. കെ. ദാസൻ: കെൽട്രോൺ മുടാടി യൂണിറ്റിന്റെ വികസനത്തിനായി ആധുനിക യന്ത്രസാമഗ്രികൾ നൽകുന്നതിനും മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളുടെ സേവനം ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ സ്വായത്തമാക്കി പുതിയ മേഖലയിൽ ഉല്പാദനം നടത്തുന്നതിനും ആവശ്യമായ സ്ഥിരം ജീവനക്കാരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗുണനിലവാരമില്ലാത്ത സാധനങ്ങൾ കൊടുക്കുന്നതിനാൽ കെൽട്രോണിന് സംസ്ഥാനത്തിന്റെ

പ്രതീക്ഷയ്ക്കനുസരിച്ച് ഉയരാൻ സാധിച്ചിട്ടില്ല. പലപ്പോഴും ഇതൊരു കമ്മീഷൻ ഏജന്റായി പ്രവർത്തിക്കുന്ന നിലയിലേയ്ക്ക് അധ:പതിച്ചുപോയിട്ടുണ്ട്. മുടാടി ഉൾപ്പെടെയുള്ള കെൽട്രോൺ സ്ഥാപനങ്ങളിൽ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് അവയുടെ വികസനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ബിനാനി സിങ്ക് ലിമിറ്റഡ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: എടയാർ വ്യവസായ മേഖലയിലെ ബിനാനി സിങ്ക് ലിമിറ്റഡ് തുറന്ന് പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എടയാർ വ്യവസായ വികസന മേഖലയിലെ ബിനാനി സിങ്ക് ലിമിറ്റഡിൽ സിങ്ക്, കാഡ്മിയം, സൾഫ്യൂറിക് ആസിഡ് എന്നിവയുടെ നിർമ്മാണമാണ് നടത്തിവരുന്നത്. 38000 ടൺ ഉല്പാദനശേഷിയുള്ള കമ്പനി സിങ്ക് സൾഫൈഡിൽ നിന്നും സിങ്ക് മെറ്റൽ വേർതിരിച്ചെടുക്കുന്നതിന് വളരെയധികം വൈദ്യുതി ഉപയോഗിക്കേണ്ടിവന്നതുമൂലം ഉല്പാദനച്ചെലവ് കൂടുകയും സിങ്ക് മെറ്റലിന്റെ വില കുറയുകയും ചെയ്തതിനാൽ ഈ സ്ഥാപനം സാമ്പത്തിക

പ്രതിസന്ധിയിലാവുകയും 2014 മാർച്ച് 27 മുതൽ കമ്പനി ഉല്പാദനം നിർത്തിവയ്ക്കുകയും ചെയ്തു. ടെക്നിക്കൽ മാനേജർ തലത്തിലുള്ള ജീവനക്കാരെ പിരിച്ചുവിട്ടെങ്കിലും സ്ഥിരം ജീവനക്കാരെ പിരിച്ചുവിട്ടില്ല. കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബി.ഐ.എഫ്.ആർ. മുമ്പാകെ 2014-ൽ ഒരു റീഹാബിലിറ്റേഷൻ പദ്ധതി സമർപ്പിച്ചെങ്കിലും നാളിതുവരെ നടപടികളൊന്നും ഉണ്ടായിട്ടില്ല. പുനരുദ്ധാരണ പദ്ധതികൾക്കായി ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നത് പൂർത്തിയായാൽ സർക്കാർ അനുമതിയോടെ ആയത് നടപ്പിലാക്കാൻ ശ്രമിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(4) <u>ഉപ്പുവെള്ളം കയറി കൃഷിനാശം</u>

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ജലസേചന - കൃഷി വകുപ്പുകളുടെ ഏകോപനത്തോടെ ചീർപ്പുകളും ഷട്ടറുകളും പുന:സ്ഥാപിച്ച് ടി.എസ് കനാലിനോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ ഉപ്പ്/ഓര് വെള്ളം കയറുന്നതുമൂലമുണ്ടാകുന്ന കൃഷിനാശം തടയുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ക്ലാപ്പന പഞ്ചായത്തിലൂടെ കടന്നുപോകുന്ന ടി. എസ്. കനാലിന്റെ കൈവഴികളിൽ നിർമ്മിച്ചിട്ടുള്ള ക്രൂയിസ് തോടിന്റെ നിർമ്മാണത്തിലുണ്ടായിട്ടുള്ള അപാകതമൂലം കനാലിനോട് ചേർന്ന്

കിടക്കുന്ന പത്ത് ഹെക്ടറോളം പ്രദേശങ്ങളിൽ വേലിയേറ്റ സമയത്തും മഴക്കാലത്തും ഉപ്പ്/ഓര് വെള്ളം കയറുന്നതുമൂലം കൃഷിനാശം സംഭവിക്കുന്നുണ്ട്. കനാലിൽ നിന്നും വെള്ളം കയറി ഉപയോഗശൂന്യമായ പ്രദേശങ്ങളെ കൃഷിയോഗ്യമാക്കുന്നതിനും ഉപ്പ്/ഓര് വെള്ളം കയറുന്നത് പ്രതിരോധിക്കുന്നതിനും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലവിഭവ വകുപ്പുമായി സഹകരിച്ച് ശാസ്ത്രീയമായ രീതിയിലുള്ള ഷട്ടർ നിർമ്മാണം പൂർത്തീകരിക്കുന്നതുമാണ്.

(5) സ്പോർട്സ് താരത്തിന്റെ ആത്മഹത്യ

ശ്രീ. പി. സി. ജോർജ്: നാഷണൽ ഗെയിംസിൽ മെഡൽ നേടിയ സ്പോർട്സ് താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകാനും ആത്മഹത്യ ചെയ്ത സ്പോർട്സ് താരം പി. എസ്. സുമേഷിന്റെ കുടുംബത്തിന് ആശ്വാസ ധനസഹായം നൽകാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 06-11-2016-ന് ഉച്ചയ്ക്ക് ഒരു മണിയോടെ പൂഞ്ഞാർ നടുഭാഗം വില്ലേജിൽ പുത്തൻപറമ്പിൽ വീട്ടിൽ പി.എസ്. സുമേഷിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയതിനെത്തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ടിയാനെ മരണത്തിലേയ്ക്ക് നയിച്ചതുൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തിവരികയാണ്. സ്കൂൾ കായിക മേളകളിൽ തുടർച്ചയായി അഞ്ച് തവണയും എം.ജി. യൂണിവേഴ്സിറ്റിയിൽ മൂന്ന് വർഷവും ഗുസ്തിയിൽ സ്വർണ്ണമെഡൽ

നേടിയിട്ടുള്ള ടിയാന്റെ ജോലി അപേക്ഷ സംബന്ധിച്ച കാര്യങ്ങളിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിനുശേഷം മാത്രമേ വിവരങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ ഒരു ജോലി പ്രതീക്ഷിച്ച് കാത്തിരുന്നിട്ടും ജോലി കിട്ടാതെ നിരാശപ്പെടേണ്ടിവരുന്ന കായിക താരങ്ങൾക്ക് ജോലി കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മരിച്ച സുമേഷിന്റെ കുടുംബ സാഹചര്യം കണക്കിലെടുത്ത് സാമ്പത്തിക സഹായമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(6) ഒ.ബി.സി.സംവരണം പുന:സ്ഥാപിക്കൽ

ശ്രീ. ഷാഫി പറമ്പിൽ: ശൈവ വെള്ളാള സമുദായത്തെയും അതിന്റെ അവാന്തര വിഭാഗക്കാരെയും ഒ.ബി.സി. സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിനും അർഹരായവർക്ക് വില്ലേജ് ഓഫീസുകളിൽനിന്നും സമയബന്ധിതമായി ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും ഇവരെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

വെള്ളാള വിഭാഗത്തെ പിന്നോക്ക വിഭാഗ ലിസ്റ്റിലുള്ള ചെട്ടി സമുദായത്തോടൊപ്പം ഉൾപ്പെടുത്തണമെന്ന കേരള വെള്ളാള മഹാസഭയുടെ നിവേദനത്തിന്മേൽ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ വിശദമായ പഠനവും തെളിവെടുപ്പും നടത്തുകയും പ്രസ്തുത വിഭാഗക്കാരെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവരെ പിന്നോക്ക വിഭാഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് 12-02-1998-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിനുശേഷവും ഇതേ ആവശ്യം ഉന്നയിച്ച് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് നിവേദനങ്ങൾ ലഭിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കിർത്താഡ്സിന്റെ റിപ്പോർട്ടും കമ്മീഷന്റെ ശിപാർശയും ലഭിക്കുന്ന മുറയ്ക്ക് ഇവർക്ക് ഒ.ബി.സി. സംവരണാനുകൂല്യം നൽകുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനും കിർത്താഡ്സും സ്റ്റാറ്റ്യൂട്ടറി ബോഡിയായതുകൊണ്ട് ഗവൺമെന്റിന് നേരിട്ട് ഇടപെടാനോ ശിപാർശ നൽകി തീരുമാനമെടുപ്പിക്കാനോ കഴിയില്ലെങ്കിലും ഇക്കാര്യം പ്രത്യേകമായി പരിശോധിക്കണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുന്നതാണ്.

(7) ശവസംസ്കാര ഭൂമിക്ക് സംരക്ഷണം

ശ്രീമതി സി. കെ. ആശ: പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ശവസംസ്കാരം നടത്തുന്നതിന് അനുവദിച്ചിട്ടുള്ള ഭൂമി റീസർവ്വേ നടത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പട്ടികവിഭാഗക്കാരുടെ പരമ്പരാഗത ശ്മശാനങ്ങൾ എല്ലാ പ്രദേശങ്ങളിലുമുണ്ട്. അവയിൽ സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും സാമുദായിക സംഘടനകളുടെ ഉടമസ്ഥതയിലുള്ളവയുമുണ്ട്. കൈവശ ഭൂമിയുടെ അളവ് കുറവായ ഈ വിഭാഗം ജനങ്ങളുടെ പൊതുശ്മശാനങ്ങൾ പൂർണ്ണതോതിൽ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ചുമതലപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എസ്.സി.പി.-യുടെ 45 ശതമാനവും ടി.എസ്.പി.-യുടെ 25 ശതമാനവും ഫണ്ട് നൽകുന്നതിനുപുറമെ ചില ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപവരെ അനുവദിച്ചിട്ടുമുണ്ട്. അനിവാര്യമാണെങ്കിൽ പ്രസ്തുത തുക ഇനിയും വർദ്ധിപ്പിക്കുന്നതും ഇത്തരം ശ്മശാനങ്ങളുടെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തിയാൽ കർശനമായ നടപടി സ്വീകരിക്കുന്നതുമാണ്.

(8) പട്ടയ വിതരണം

<u>ശ്രീ. കെ. ജെ. മാക്സി</u>: ഫോർട്ട് കൊച്ചി സെന്റ് ജോൺ പാട്ടം മിനി കോളനി നിവാസികൾക്ക് സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): കൊച്ചി താലൂക്കിൽ ഫോർട്ടുകൊച്ചി വില്ലേജിലെ സെന്റ് ജോൺ പാട്ടം പ്രദേശത്ത് അറബിക്കടലിന്റെ തീരത്ത് 50 വർഷത്തിലധികമായി 64 കുടുംബങ്ങൾ താമസിച്ചു വരുന്നു. ഏകദേശം 20 വർഷങ്ങൾക്കു മുമ്പ് ടി ആളുകൾക്ക് കൊച്ചി കോർപ്പറേഷൻ കോളനി പണിതു നൽകുകയും വീടുകൾക്ക് നമ്പരിട്ട് നൽകുകയും ചെയ്തു. പ്രസ്തുത പ്രദേശത്തെ ഉദ്ദേശം 46.82 ആർ ഭൂമി സർവ്വേ ചെയ്തിട്ടില്ലാത്തതും റവന്യൂ റിക്കാർഡുകളിൽ ചേർത്തിട്ടില്ലാത്തതും കടൽഭിത്തിയിൽ നിന്ന് 7 മുതൽ 44 മീറ്റർ വരെ അകലത്തിൽ സ്ഥിതിചെയ്യുന്നതും രൂക്ഷമായ കടൽക്ഷോഭത്തിന് ഇരയാകുന്നതും തീരദേശ പരിപാലന നിയമത്തിൻ കീഴിൽ വരുന്നതും 21-06-2006-ലെ ഷിപ്പിംഗ് മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ പ്രകാരം കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിൽ വരുന്നതുമാണ്. ഈ സ്ഥലത്ത് സർവ്വേ നടപടികൾ നടത്തണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയിൽ പട്ടയമോ കൈവശ രേഖയോ നൽകാൻ റവന്യൂ വകുപ്പിന് അധികാരമില്ല.

(9) താനൂർ സി.എച്ച്.സി

ശ്രീ. വി. അബ്ദുറഹിമാൻ: താനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 1999-ലെ ഉത്തരവ് പ്രകാരം സി.എച്ച്.സി. ആയി ഉയർത്തിയ താനൂർ ആശുപത്രിയുടെ 20 കിലോമീറ്റർ ചുറ്റളവിലായി തിരൂർ ജില്ലാ ആശുപത്രി, തിരൂരങ്ങാടി താലൂക്ക് ആശുപത്രി, വളവന്നൂർ സാമൂഹ്യാരോഗ്യ കേന്ദ്രം, വെട്ടം സാമൂഹ്യാരോഗ്യ കേന്ദ്രം എന്നിവയാണ് സ്ഥിതി ചെയ്യുന്നത്. ഈ ഗവൺമെന്റിന്റെ സ്റ്റാന്റേർഡൈസേഷൻ അനുസരിച്ച് ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ, ഒരു വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി., റവന്യൂ താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി, ജില്ലയിൽ നിലവിലുള്ള ജില്ലാ ആശുപത്രിയും ജനറൽ ആശുപത്രിയും എന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. നിലവിലുള്ള ആശുപത്രിയെ മെച്ചപ്പെടുത്തി ഏറ്റവും ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. സ്ഥാപനങ്ങളുടെ പദവി ഉയർത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല. താനൂർ ഉൾക്കൊള്ളുന്ന റവന്യൂ താലൂക്കിൽ മറ്റു താലൂക്ക് ആശുപത്രികൾ ഇല്ലെന്നുള്ള രേഖകൾ ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ താനൂർ സി.എച്ച്.സി.-യെ താലൂക്ക്

ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകളിലെ ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുന്നതും താലൂക്കാശുപത്രികൾക്കാവശ്യമായ തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതിനുള്ള സമാഹൃത പ്രൊപ്പോസലിൽ താനൂർ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തുന്നതുമാണ്.

(10) നിയമവിരുദ്ധ ചികിത്സാ കേന്ദ്രങ്ങൾ

ശ്രീ. പി. കെ. അബ്ദുറബ്ബ്: കേരളത്തിൽ നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന വിവിധ വ്യാജ ചികിത്സാ കേന്ദ്രങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേരളത്തിൽ നിയമാനുസൃതമല്ലാതെ ഒരുപാട് ചികിത്സാ രീതികളും അന്ധവിശ്വാസപരമായ പ്രചരണങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം വ്യാജ ചികിത്സാ കേന്ദ്രങ്ങൾക്കെതിരായ പരാതികൾ കിട്ടുന്ന മുറയ്ക്ക് അന്വേഷിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. മതിയായ യോഗ്യതയും മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനുമില്ലാതെ ചികിത്സ നടത്തുന്നവരെക്കുറിച്ച് അന്വേഷിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് തുടങ്ങിയ ഓഫീസുകളിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ

ചുമതലപ്പെടുത്തുകയും ആ പരിധിയിൽ റെയ്ഡ് നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു. പാരമ്പര്യ വൈദ്യൻമാർ ചികിത്സയ്ക്കുവേണ്ടിയല്ലാതെ വിൽപ്പനയ്ക്കുവേണ്ടി ആയുർവേദ ഔഷധം നിർമ്മിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടാൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. പ്രാകൃതമായ രീതിയിൽ യാതൊരു ശാസ്ത്രീയ അടിത്തറയുമില്ലാതെ നടത്തുന്ന ചികിത്സാ രീതികൾ പരിഷ്കൃത സമൂഹത്തിന് യോജിക്കുന്നതല്ല. ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്. ആരോഗ്യത്തിനും ജീവനും ഹാനികരമായ വ്യാജചികിത്സയും അന്ധവിശ്വാസ പ്രചരണങ്ങളും നടത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

## (11) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. മോൻസ് ജോസഫ്: ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനും വേനൽക്കാലത്ത് കൊടുക്കാറുള്ള ഇൻസെന്റീവ് കൊടുക്കുന്നതിനും പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും മൃഗാശുപത്രിവഴി പ്രത്യുൽപ്പാദനശേഷിയുള്ള സെമൻ കൊടുക്കുന്നതിനും നടപടി

സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ക്ഷീരകർഷക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സജീവമായ ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നിലവിൽ കാലിത്തീറ്റയ്ക്ക് നൽകുന്ന സ്ബസിഡി തുക വർദ്ധിപ്പിക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതും പൂർണ്ണതോതിൽ സബ്സിഡി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. കേരളത്തിലെ മുഴുവൻ പശുക്കളെയും ഇൻഷ്വർ ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം 65 ബ്ലോക്കുകളിൽ ഏർപ്പെടുത്തിയിട്ടുള്ള രാത്രികാല മൃഗചികിത്സാ സേവനം ബാക്കിയുള്ള ബ്ലോക്കുകളിലുംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കുളമ്പുരോഗം പ്രതിരോധിക്കുന്നതിനും മൃഗാശുപത്രിവഴി നൽകുന്ന സെമന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പ്രജനന നയത്തിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ക്ഷീര കർഷകരുടെ ക്ഷേമപെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ക്ഷീരസംഘം ജീവനക്കാർക്ക് ലഭിക്കുന്ന സ്വാശ്രയ പെൻഷൻ പദ്ധതിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ക്ഷീര കർഷകരുടെ വൈദ്യുതി ചാർജ് കുറയ്ക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതും ക്ഷേമനിധിവഴി നൽകിവരുന്ന ധനസഹായം വിപുലീകരിക്കുന്നതുമാണ്. പാലിന്റെ വില വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം മിൽമയ്ക്കായതിനാൽ ഗവൺമെന്റിന് പാലിന്റെ വില വർദ്ധിപ്പിക്കാൻ കഴിയില്ല. ക്ഷീരകർഷകർക്ക് സൗജന്യ റേഷൻ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. മുഴുവൻ കന്നുകുട്ടികൾക്കും കാലിത്തീറ്റ സബ്സിഡി കൊടുക്കുന്നതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള

ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒന്ന് മുതൽ മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

### 2016-ലെ ചിറ്റ് ഫണ്ട്സ് (അമെന്റ്മെന്റ്) റൂൾസിന് നൽകിയ ഭേദഗതികളുടെ പരിഗണന

ശ്രീ. മഞ്ഞളാംകുഴി അലി: 2016 ജൂൺ 7-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 63/2016/റ്റിഡി.(എസ്.ആർ.ഒ. നമ്പർ 432/2016 മുഖേന പുറപ്പെടുവിച്ച 2016-ലെ കേരള ചിറ്റ് ഫണ്ട്സ് (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി അവതരിപ്പിക്കുന്നു. അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ്-നെ കോമ്പൗണ്ടിംഗ് അതോറിറ്റിയായി ഡെസിഗ്നേറ്റ് ചെയ്യുക, പിഴയോടുകൂടി കോമ്പൗണ്ടിംഗ് ചെയ്യാവുന്ന റൂൾ 13, 14 പ്രകാരമുള്ള ഒഫൻസുകൾക്ക് പിഴത്തുക ഉൾപ്പെടുത്തുക തുടങ്ങിയ ഭേദഗതികളാണ് അവതരിപ്പിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേന്ദ്ര ചിട്ടി നിയമത്തിലെ വകുപ്പനുസരിച്ച് കുറ്റം മാപ്പാക്കുന്നതിനുള്ള നിശ്ചിത കോമ്പൗണ്ടിംഗ് ഫീസ് തുക നാലാഴ്ചയ്ക്കകം നിശ്ചയിക്കണമെന്ന ഹൈക്കോടതി

ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ചിട്ടി നിയമത്തിലെ വകുപ്പുകൾ പ്രകാരം വിവിധ കുറ്റങ്ങൾ മാപ്പാക്കി നൽകുന്നതിന് നിശ്ചിത ഫീസ് തീരുമാനിച്ചുകൊണ്ട് റിസർവ് ബാങ്കുമായും നിയമ വകുപ്പുമായും ആലോചിച്ച് 2012-ലെ കേരള ചിട്ടി ഫണ്ട്സ് റൂൾസിൽ ഭേദഗതി വരുത്തി എസ്.ആർ.ഒ. ആയി കേരള ചിറ്റ് ഫണ്ട് (അമെൻമെന്റ്) റൂൾസ്, 2016 പുറപ്പെടുവിക്കുകയുണ്ടായി. ചിട്ടിനിയമത്തിലെ ചട്ടങ്ങളുടെ അന്തസ്സത്തയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് പ്രത്യേക നിയന്ത്രണങ്ങളോടെയാണ് കോമ്പൗണ്ടിംഗ് ഫീസുകൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങൾ സാധൂകരണത്തിനായി നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്ന സാഹചര്യത്തിൽ ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഭേദഗതികൾ സ്വീകരിക്കാൻ കഴിയില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

## VI നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. എൻ. ജയരാജ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിനുള്ള ഇളവ് ഭാഗികമായെങ്കിലും പുനഃസ്ഥാപിച്ച നടപടി അഭിനന്ദനീയമാണ്. ഇളവിനുള്ള പരിധി അഞ്ച് ഏക്കർ എന്ന് നിജപ്പെടുത്തിയതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നടപടിയുണ്ടാകണം. ആട്ട, മൈദ, വെളിച്ചെണ്ണ തുടങ്ങിയവയുടെ വർദ്ധിപ്പിച്ച നികുതി പിൻവലിക്കാൻ തയ്യാറാകണം. പ്രാദേശിക കൈത്തറി സംഘങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാൽ കൈത്തറിക്ക് ഏർപ്പെടുത്തിയ നികുതി വർദ്ധനവ് പിൻവലിക്കണം. ഫ്ളാറ്റ് ടാക്സ് ഏർപ്പെടുത്തിയ നടപടി ഉചിതമാണെങ്കിലും ആശയക്കുഴപ്പം ഒഴിവാക്കുന്നതിന് ബ്രാൻഡഡ് റെസ്റ്റോറന്റുകളെ സംബന്ധിച്ച് കൃത്യമായ നിർവ്വചനമുണ്ടാകണം. ഗ്രീൻ ടാക്സ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാലപ്പഴക്കവും പതിനഞ്ചു വർഷമാക്കുന്നത് പരിഗണിക്കണം. ബേക്കറി ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവ് നൽകേണ്ടതുണ്ടോ എന്നതും പഴയ സ്വർണ്ണാഭരണങ്ങൾക്ക് 5 ശതമാനം പർച്ചേസ് ടാക്സ് നൽകേണ്ടി വരുന്നത് ഒഴിവാക്കാൻ കഴിയുമോ എന്നുള്ളതും പരിശോധിക്കണം. ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

സ്വീകരിക്കണം. സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയിലും ധനകമ്മിയിലുമുണ്ടാകുന്ന അന്തരം കുറയ്ക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടാകണം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വിഭവങ്ങളും അവസരങ്ങളും വർദ്ധിപ്പിച്ച് സാധാരണക്കാരെ എംപവർ ചെയ്യാനുള്ള സ്ഥിരമായ ഏർപ്പാട് ധനകാര്യ ചർച്ചയിൽ ഉരുത്തിരിഞ്ഞുവരണം. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വർദ്ധനവിൽനിന്നും രണ്ടോ മൂന്നോ സെന്റ് ഭൂമി വാങ്ങുന്നവരെ ഒഴിവാക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കണം. മോട്ടോർ വാഹന നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള അഴിമതി ഒഴിവാക്കുന്നതിനായി ബില്ലിലെ ക്ലോസ് 6- ന്റെ വിശദീകരണം ഒഴിവാക്കണം. ഭാവിയിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മതിയായ വിശകലനം നടത്തണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭാഗപത്ര രജിസ്ട്രേഷൻ ഫീസ് ഇളവുവരുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു. പിതൃസ്വത്ത് കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫീസ് ഈടാക്കുന്നതിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെ ഗ്രീൻ ടാക്സിൽനിന്ന് ഒഴിവാക്കുമെന്ന അഭിപ്രായത്തെ സ്വാഗതം ചെയ്യുന്നു. ഗവൺമെന്റ് സെക്ടറിൽ

ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ലൈഫ് എക്സീഡ് ചെയ്ത വാഹനങ്ങൾ റീപ്ലെയ്സ് ചെയ്യുന്നതിനും ടാക്സ് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ജി.എസ്.ടി.- യുമായി ബന്ധപ്പെട്ട ചർച്ചയിൽ വാഹന നികുതി ടേക്ക് അപ് ചെയ്ത് കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനും ഏകീകൃത ചെക്ക്പോസ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി നികുതി ചോർച്ച തടയുന്നതിനും കേരളത്തിന്റെ അതിർത്തി കൃത്യമായി നിർണ്ണയിക്കുന്നതിനും നടപടി സ്വീകരിക്കണം. കൈത്തറി മേഖലയിൽ നികുതി ഏർപ്പെടുത്താനുള്ള തീരുമാനം പുനഃപരിശോധിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭാഗാധാരത്തിന്റെ കാര്യത്തിൽ ഇളവു വരുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു. കൺവേയൻസ് ചാർജ് വർദ്ധിപ്പിച്ചത് സംസ്ഥാനത്ത് കച്ചവടങ്ങൾ നടക്കാനും രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുന്നതിനും സഹായകരമാണോ എന്നത് പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്. ഓരോ മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനം സംബന്ധിച്ച് പഠനം നടത്തിയശേഷം മാത്രമേ ആ മേഖലയിൽ നികുതി വർദ്ധിപ്പിക്കാൻ പാടുള്ളൂ. അനുമാന നികുതിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. വൺ ടൈം സെറ്റിൽമെന്റും ആംനെസ്റ്റി

സ്കീമുകളും ഏർപ്പെടുത്തി നികുതി സംബന്ധമായ കേസുകൾ തീർപ്പാക്കേണ്ടതാണ്. കൂടുതൽ സ്വർണ്ണ വ്യാപാരികളെ കോമ്പൗണ്ടിംഗ് നികുതി സമ്പ്രദായത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും നിലവിലുള്ള വ്യാപാരികൾ അതിൽ നിന്നും മാറാതിരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഡ്ജറ്റിലെ ചില പുതിയ നികുതി നിർദ്ദേശങ്ങൾ വിലക്കയറ്റത്തിന് ഇടയാക്കിയിട്ടുണ്ട്. കാരുണ്യ ബെനവലന്റ് സ്കീമിനെയും ചില ക്ഷേമ പദ്ധതികളെയും സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. അഞ്ചേക്കറിൽ കൂടുതലുള്ള ഭാഗാധാരങ്ങളെ നികുതി വർദ്ധനവിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കണം. കോർട്ട് ഫീസ് വർദ്ധനവിൽനിന്ന് മോട്ടോർ ആക്സിഡന്റ്സ് ട്രിബ്യൂണലുകളെ പൂർണ്ണമായും ഒഴിവാക്കുന്നതിനോ നഷ്ടപരിഹാരമായി ലഭിക്കുന്ന തുകയിൽനിന്നും കോർട്ട് ഫീസ് ഈടാക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കണം. ചരക്കുവാഹനങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി വർദ്ധന പിൻവലിക്കുന്നതിനും സ്റ്റേജ് ക്യാരേജുകളുടെ ത്രൈമാസ നികുതി സീറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഗ്രീൻ ടാക്സ് 15 വർഷത്തിലേറെ പഴക്കമുള്ള

ഡീസൽ വാഹനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തണം. പഴയ സ്വർണ്ണാഭരണങ്ങളുടെമേൽ ഏർപ്പെടുത്തിയ പർച്ചേസ് ടാക്സ് പുനഃപരിശോധിക്കണം. മണ്ണാർക്കാടുള്ള ചെക്ക്പോസ്റ്റുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ചിറ്റയം ഗോപകുമാറിനുവേണ്ടി (ശ്രീ. മുല്ലക്കര രത്നാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലോകവിപണിയിലുണ്ടായ മാന്ദ്യവും കേന്ദ്ര ഗവൺമെന്റിന്റെ നയംമൂലവുമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് ചെലവ് ചുരുക്കേണ്ടതുണ്ട്. ഈ ബഡ്ജറ്റിലൂടെ കിഫ്ബിയെന്ന പുതിയ ധനസമാഹരണ സംവിധാനം നടപ്പിലാകുകയാണ്. ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നികുതി ഘടനയിൽ മാറ്റം വരുത്തുകയും ചെക്ക്പോസ്റ്റുകൾ ആധുനികവത്കരിക്കുകയും നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുകയും വേണം. കാർഷിക മേഖലയെയും പരമ്പരാഗത വ്യവസായത്തെയും പ്രോത്സാഹിപ്പിച്ചുകൊണ്ടും പശ്ചാത്തല വികസനം ഉറപ്പാക്കിക്കൊണ്ടുമുള്ള വികസനമാണ് ഈ ബഡ്ജറ്റ് ലക്ഷ്യം വയ്ക്കുന്നത്.

ശ്രീ. കെ. മുരളീധരനുവേണ്ടി (ശ്രീ. കെ. സി. ജോസഫ്): സബ്ജക്ട് കമ്മിറ്റി

റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ഇഷ്ടദാനം, ഭാഗപത്രം, ധനനിശ്ചയം എന്നിവയ്ക്ക് നികുതി വർദ്ധിപ്പിച്ചിട്ടും അധിക വരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ പരമാവധി ആയിരം രൂപ എന്ന നിരക്ക് തന്നെ പുന:സ്ഥാപിക്കുന്നതിന് നടപടിയെടുക്കണം. വിലയാധാരങ്ങളുടെ മുദ്രപ്പത്ര വില ആറ് ശതമാനമാക്കി പുന:സ്ഥാപിക്കുന്നതിനും ഹെൽത്ത് ടാക്സ്, ഇൻകംടാക്സ് കേസ്സുകളുടെ ട്രിബ്യൂണൽ വിധിക്കെതിരെയുള്ള അപ്പീലുകളിന്മേൽ ഏർപ്പെടുത്തിയ ഫീസ് വർദ്ധനവ് പിൻവലിക്കുന്നതിനും നടപടിയുണ്ടാകണം. വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി വർദ്ധനവ് പിൻവലിക്കുന്നതിനും അന്യസംസ്ഥാനത്തുനിന്നും ഇറക്കുമതി ചെയ്യുന്ന വെളിച്ചെണ്ണയ്ക്ക് നികുതി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ചെറുകിട കർഷകർ ഉൽപ്പാദിപ്പിക്കുന്ന സോപ്പുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി വർദ്ധനവ് പിൻവലിക്കണം. വ്യാജ ലോട്ടറികൾ തടയുന്നതിനും സ്ത്രീപീഡനങ്ങൾ, തട്ടിപ്പുസംഘങ്ങൾ, ക്വട്ടേഷൻ സംഘങ്ങൾ എന്നിവ ഇല്ലായ്മചെയ്തുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : 2016-

ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അഭിപ്രായ സമന്വയമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങൾ വന്നിട്ടുള്ളത് സ്റ്റാമ്പ് ഡ്യൂട്ടിയിലാണ്. അഞ്ച് ഏക്കർ കഴിഞ്ഞുള്ള ഭാഗപത്രത്തിനും ഒഴിമുറിക്കും 1 ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സഭയിൽവന്ന പൊതുവികാരത്തോട് യോജിച്ചുകൊണ്ട് കമ്പനീസ് ആക്ട് പ്രകാരം കമ്പനികളുണ്ടാക്കി അമാൽഗമേറ്റ് ചെയ്യുമ്പോഴുള്ള കൺവെയൻസ് റേറ്റ് അഞ്ച് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾസ് ടാക്സിലും പ്രധാനപ്പെട്ട ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഒമ്പത് വർഷത്തോളമായി ചരക്കു വാഹനനികുതി വർദ്ധിപ്പിക്കാത്തതുമൂലം ഉളവാകുന്ന നികുതിനഷ്ടം തടയുന്നതിന് പത്ത് ശതമാനം വർദ്ധനവ് ഏർപ്പെടുത്തിയിട്ടുള്ളത് ന്യായീകരിക്കാവുന്ന ഒന്നാണ്. സ്റ്റേജ് ക്യാരേജുകളുടെ ത്രൈമാസ നികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഗ്രീൻ ടാക്സ് അടവുമായി ബന്ധപ്പെട്ട പ്രശ്നം കെ.എസ്.ആർ.ടി.സി.യെ ബാധിക്കുന്നതല്ല. കേരളത്തിൽ രജിസ്റ്റർ ചെയ്ത അന്തർസംസ്ഥാന ഓർഡിനറി സീറ്റുള്ള ഇന്റർസ്റ്റേറ്റ് കോൺട്രാക്ട് ക്യാരേജുകളുടെ നികുതി 2250 ആയി വർദ്ധിപ്പിച്ചു. കേരളത്തിൽ ഇത്തരത്തിലുള്ള ഇരുപതിൽതാഴെ വാഹനങ്ങളാണ് സർവ്വീസ് നടത്തുന്നത്. എന്നാൽ അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത നൂറ് കണക്കിന് വാഹനങ്ങൾ കേരളത്തിൽ സർവ്വീസ്

നടത്തുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്കും കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്കും ഒരേ നികുതിയേ പാടുള്ളൂവെന്ന കോടതി വിധിയുണ്ട്. 1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിന്റെ 76-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള ഭേദഗതിയിൽ സിവിൽ കോടതിയിലെ ഒറിജിനൽ വ്യവഹാരങ്ങൾക്കുകൂടി അധിക കോടതി ഫീസ് ചുമത്തുകയാണ് ചെയ്തിട്ടുള്ളത്. അല്ലാതെ ഒറിജിനൽ കേസുകളുടെ കോർട്ട് ഫീസ് 25% ആയി വർദ്ധിപ്പിച്ചിട്ടില്ല. വിശാലമായ കാഴ്ചപ്പാടോടുകൂടിയാണ് നികുതി നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുള്ളത്. മുൻവർഷത്തെ ഫിനാൻസ് ബില്ലിൽ ഉണ്ടായിരുന്ന വ്യവസ്ഥ നിലനിർത്തിക്കൊണ്ടാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നികുതി മുൻകാലപ്രാബല്യത്തോടെ വേണ്ടെന്നുവച്ചാൽ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നികുതി ഘടനയിൽ സംഭവിച്ചിട്ടുള്ള അപാകത തിരുത്തണമെന്ന് പ്രതിപക്ഷ കക്ഷിനേതാക്കൾ ആവശ്യപ്പെട്ടാൽ അടുത്ത ഫിനാൻസ് ബില്ലിൽ അക്കാര്യം പരിശോധിക്കാവുന്നതാണ്. ഈ സർക്കാർ വന്നശേഷം കേരള ലോട്ടറിയിൽനിന്നുള്ള വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഒറ്റ നമ്പർ വാതുവയ്പ്, വ്യാജ ലോട്ടറി എന്നിവയ്ക്കെതിരെ ലൈസൻസ്

റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന നിലപാട് സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട എക്സംപ്ഷണൽ കേസ്സുകൾ പ്രത്യേകം പരിശോധിക്കേണ്ടതാണ്.

ഭേദഗതികൾ മലയാളത്തിൽ നൽകൽ

ശ്രീ. എം. ഉമ്മർ: സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം സഭയിൽ വരുന്ന ബില്ലുകൾക്കുള്ള ഭേദഗതികൾ മലയാളത്തിൽ നൽകാൻ നടപടിയുണ്ടാകണം. ഇതുസംബന്ധിച്ച് റൂളിംഗ് നൽകണം.

മി. സ്പീക്കർ: പൊതുവിൽ സഭയിൽ വരുന്ന ബില്ലുകളുടെ മലയാളം പകർപ്പുകൾ ലഭ്യമാക്കണമെന്ന് റൂളിംഗ് നൽകിയിട്ടുള്ളതാണ്. ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യം ഗൗരവത്തോടുകൂടി പരിശോധിക്കാം.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

109, 114, 115, 116, 117, 119, 121, 122, 123 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

124, 125, 126, 127, 128, 129, 130, 131, 132, 133, 134, 135, 136, 137, 139, 140, 141, 142, 143, 147, 151, 152, 153, 155, 156, 157, 158, 159, 160, 161, 162, 163, 164, 166, 168, 170, 172, 175, 177, 179, 181, 182, 184, 185, 186, 187, 188, 190, 191, 192, 193, 195, 196, 197, 198, 199, 200, 201, 202 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

203, 204, 205, 206, 207, 210, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

203. In clause 4 (1) the words " in sub section (1) of section 76,-" shall be substituted with the words " for sub section (1) of section 76, the following sub section shall be substituted, namely,-" .

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

212, 213, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

216, 217, 218, 219, 220, 222, 224, 225, 227, 228, 229, 230, 231, 235, 236, 238, 239, 240, 241, 242, 243, 244, 245, 247, 248, 249, 250, 251, 252, 253, 254, 255, 256, 257, 258 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

230-ാം നമ്പർ ഭേദഗതി 40-നെതിരെ 75 വോട്ടുകളോടെ സഭ നിരാകരിച്ചു. മറ്റ് ഭേദഗതികളും സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

260, 262, 263, 264, 266, 267, 268, 269, 270, 271, 272, 273, 274, 275, 276 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

278, 279, 281, 282 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 9-ാം വകുപ്പ്

283, 287, 290, 292, 297, 299, 300, 301, 302, 303, 304, 305, 306, 307, 308, 309, 310, 314, 315, 316, 317, 318, 319, 320, 321, 322, 323, 324, 325, 326, 327, 328 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

299. In the 17th Proviso to Section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words " cooked food " add the word " sweets "

300. In the 17th Proviso to Section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words " cooked food " add the word " and fruit juices "

301. In the 17th Proviso to Section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words " cooked food " add the word " beverages "

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>1-ാം വകുപ്പും പീഠികയും പേരും</u>

107, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2016-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനക്ഷേമകരമായ ഒരു വികസന പ്രവർത്തനത്തിനും തുടക്കം

കുറിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ ഗുരുതരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സർക്കാർ തയ്യാറാകണം. പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന കാലപ്പഴക്കംചെന്ന വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിക്കണം. നദികളിലും പുഴകളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കതിരെ പിഴ ചുമത്തണം. അനധികൃത ക്വാറിയിംഗിനും ഡീഫോറസ്റ്റേഷനുമെതിരെ നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഭാഗപത്ര രജിസ്ട്രേഷനിൽ വരുത്തിയ വർദ്ധനവ് പിൻവലിച്ചതിനെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്ത് സിഗരറ്റിന് നികുതി ചുമത്തിയതുമൂലം കർണ്ണാടകയിൽ നിന്നും സിഗരറ്റ് ഇവിടെ കൊണ്ടുവരുന്നുവെന്ന ആക്ഷേപത്തെ സംബന്ധിച്ച് അന്വേഷിക്കണം. ലോട്ടറി രംഗത്ത് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളും പരാതികളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം. വെളിച്ചെണ്ണയ്ക്ക് അഞ്ച് ശതമാനം നികുതി ഏർപ്പെടുത്തിയ നടപടി സാധാരണക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. കൊമേഴ്സ്യൽ ടാക്സ് കളക്ഷന്റെ കാര്യത്തിൽ ജാഗ്രത പാലിക്കണം. മന്ദഗതിയിലായിരിക്കുന്ന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കാനും പദ്ധതി

പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ബഡ്ജറ്റ് ചർച്ചയുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന അഭിപ്രായങ്ങളെയും വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷേമപെൻഷനുകൾ വീടുകളിലെത്തിക്കുന്നതിനും അൻപത് ശതമാനത്തോളം ആളുകൾക്ക് സൗജന്യ റേഷൻ നൽകുന്നതിനും കയർ-കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ഈ മേഖലകളിൽ തൊഴിലുറപ്പാക്കുന്നതിനും കേരളത്തെ ഒ.ഡി.എഫ്. സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനും സാധിച്ചു. ഗവൺമെന്റിന്റെ ഭരണപരമായ പ്രവർത്തനങ്ങളെപ്പറ്റിയുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ലോട്ടറിയുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യുന്നതിന് കൂട്ടായ ചർച്ച ആവശ്യമാണ്. ഡിസംബർ മാസത്തോടുകൂടി 'മിഷൻ എറണാകുളം' എന്ന പേരിൽ ഊർജ്ജിത നികുതി പിരിവ് ആരംഭിക്കുന്നതിലൂടെ നികുതി വരുമാനം പൂർവ്വസ്ഥിതിയിലെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനം നേരിടുന്ന എല്ലാ പ്രശ്നങ്ങളും ഗൗരവപൂർവ്വം കൈകാര്യം ചെയ്യുമെന്ന് ഉറപ്പുനൽകുന്നു. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2016-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ

അംഗീകരിച്ചു.

2016-ലെ കേരള ധനകാര്യ ബിൽ 42 നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കി.

(സഭ ഉച്ചയ്ക്കുശേഷം 2.14-ന് പിരിഞ്ഞു.)